ക്കപ്പെടുന്ന വിമുക്തഭടൻമാർക്ക് 250 രൂപവീതം സ്റ്റൈപ്പൻറ് നൽകുന്നുണ്ട്. പരിശീലന കേന്ദ്രം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാർക്ക് അനുവദിക്കുന്ന ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് 3,000 രൂപവരെ 'പെക്സം' സബ്സിഡി ലഭിക്കുന്നതാണ്. ഇതിനുപുറമെ എക്സ് സർവ്വീസ്മാൻമാരെ സംബന്ധിച്ചിടത്തോളം അവരെ വാച്ച് ആൻറ് വാർഡ് ആയി സെക്രട്ടേറിയറിലും പബ്ലിക് അണ്ടർടേക്കിംഗ്സിലും നിയമിച്ചിട്ടുണ്ട്. അതുപോലെ തന്നെ അവർക്ക് ജോലി ചെയ്യാൻ സാധിക്കുന്ന മറ്റ് ജോലികൾ വരുമ്പോൾ സാങ്കേതിക പരിജ്ഞാനം ഉള്ളവരെ അവരുടെ സാങ്കേതിക പരിജ്ഞാനത്തിൻറെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പല പബ്ലിക് അണ്ടർടേക്കിംഗ്സിലും അതിനാവശ്യമായ നടപടികളും ആരംഭിച്ചിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സംരക്ഷണം നൽകേണ്ടത് നമ്മുടെ എല്ലാവരുടേയും കർത്തവ്യമാണ്. ആ കർത്തവ്യം നിർവ്വഹിക്കുന്നതിന് ഗവൺമെൻറ് സന്നദ്ധമാണ്. ഇതിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് അതിൻറെ പ്രതിനിധികളുമായി സംസാരിച്ചതിനുശേഷം അവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ രൂപംകൊടുത്തിട്ടുണ്ട്. അതിനെസംബന്ധിച്ച് അവരുമായി ചർച്ചചെയ്തതിനുശേഷം ബാക്കിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) കണ്ടത്തുവയൽ ജി. എൽ. പി. സ്കൂൾ കെട്ടിടം

(ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട മാനന്തവാടി വിദ്യാഭ്യാസ സബ് ജില്ലയിൽ കണ്ടത്തുവയൽ ജി. എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നത് ഇന്ന് ഒരു മദ്രസയിലാണ്. ആ മദ്രസയുടെ ഏറ്റവും അടുത്താണ് പള്ളി നിലകൊള്ളുന്നത്. ഒരു മൂന്ന് മീറ്റർപോലും അകലെയല്ലാതെ തൊട്ട് അടുത്താണ് പ്രവർത്തിക്കുന്നതെന്നു പറയുന്നത് തന്നെ വളരെ വിഷമകരമായ ഒരുകാര്യമാണ്. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം അത്, വളരെ സ്വതന്ത്രമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കേണ്ട ഒരു കാര്യമാണ്. അതുമാത്രമല്ല വളരെയധികം ശബ്ദംമുട്ടുന്ന ഒരു അന്തരീക്ഷത്തിലാണ് സ്കൂൾ ഇപ്പോഴും പ്രവർത്തിച്ച് വരുന്നത്. ആ നാട്ടുകാരുടെ ഒരു പ്രത്യേക സൻമനോഭാവത്തിൻറെ പേരിൽ മാത്രം, മുസ്ലീം സമുദായത്തിൻറെ ഒരു പ്രത്യേക സൻമനോഭാവത്തിൻറെ പേരിൽ ആ സ്കൂൾ നടന്നു പോകുന്നതാണ്. ഈ സംസ്ഥാനത്ത് തന്നെ അങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടാകുമോയെന്ന് സംശയമാണ്. നാട്ടുകാർ ഒരു ഓടമ്പറഞ്ഞി ഷെഡ്ഡ് ഉണ്ടാക്കിയിരിക്കുന്നു. അത് പൊളിഞ്ഞുപോയി. ഇപ്പോൾ വീണ്ടും നടത്തുന്നത് ആ മദ്രസയിലാണ്. ഇത്രയും ഗുരുതരമായ അവസ്ഥയിൽ മറ്റൊരു സ്ഥലത്തും സ്കൂൾ നടത്തപ്പെടുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. അതുകൊണ്ട് ആ കണ്ടത്തുവയൽ ജി. എൽ. പി. സ്കൂളിന് എത്രയുംവേഗം കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് ഞാൻ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കണ്ണൂർ വയൽ ഗവൺമെന്റ് എൽ. പി. സ്കൂൾ ഇപ്പോൾ ഒരു മദ്രസയിലാണ് നടത്തിവരുന്നത്. ആ സ്കൂളിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തുവരുകയാണ്. എത്രയും വേഗം അവിടെ കെട്ടിടം പണിചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്.

(2) വ്യവസായവകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ

ശ്രീ. കെ. പി. എ. മജീദ്: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർ ഇന്ന് ഒരു സമരത്തിന്റെ വക്കിലാണ്. ദീർഘകാലമായി അവർ ഉന്നയിച്ചുവരുന്ന മിതവും ന്യായവുമായ ചില ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള പ്രക്ഷോഭണത്തിലാണ് അവർ സംഘടിപ്പിച്ചിട്ടുള്ളത്. വർഷങ്ങളായി അവർ ഉന്നയിച്ചുവരുന്ന ചില ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കാത്തതുകൊണ്ടുമാണ് അവർ സമരത്തിലേക്ക് ഇറങ്ങിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് സഹകരണരജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സംഘത്തിൽ, അതിലെ ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകളിലും മറ്റ് ആനുകൂല്യങ്ങൾക്കും അതിന്റെ വ്യവസ്ഥാപിതമായുള്ള ഉത്തരവുകൾപ്രകാരം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ സഹകരണസംഘ ചട്ടങ്ങളിലെ സെക്ഷൻ 80 പ്രകാരമുള്ള പരിരക്ഷയും സംരക്ഷണവും ആനുകൂല്യങ്ങളും കേരളത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങൾക്ക് ഇതുവരെ ലഭ്യമായിട്ടില്ല. അതുകൊണ്ട് കേരളത്തിലെ സഹകരണരംഗത്തു പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ സഹകരണസംഘങ്ങളിലും, രജിസ്ട്രാറുടെ കൺട്രോളിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർക്കും വ്യത്യസ്തമായ രീതിയിലുള്ള ആനുകൂല്യങ്ങളും മറ്റ് നടപടികളുമാണ് ഇന്ന് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഇന്നേവരെ ശരിയായ രീതിയിലുള്ള വേതന പരിഷ്കരണനിയമമോ, സേവന വ്യവസ്ഥയോ, മെഡിക്കൽ അലവൻസോ അതുപോലുള്ള യാതൊരു വിധ ആനുകൂല്യവും ഇന്നുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ വ്യവസായ സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് കൂടി സെക്ഷൻ 80–ന്റെ പരിരക്ഷയിൽകൊണ്ടുവരാനും, സെക്ഷൻ 80–ൽ നൽകിയിട്ടുള്ള ആനുകൂല്യങ്ങളും ജോലി സ്ഥിരതയും എല്ലാംതന്നെയും സഹകരണ വകുപ്പു ചട്ടമുപയോഗിച്ച്, സെക്ഷൻ 80 അവർക്കുകൂടി ബാധകമാക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ കാലങ്ങളിൽ ഈ വിഭാഗത്തിലെ ജീവനക്കാർ സമരം നടത്തിയിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഈ കാര്യത്തിൽ ഉദാരമായ ഒരു സമീപനം സ്വീകരിക്കുന്നതിനും, ഈ രംഗത്ത് സഹകരണ ജീവനക്കാരെ മറ്റ് സഹകരണസംഘങ്ങളിലെ ജീവനക്കാരെപ്പോലെ അവർക്കുകൂടി സെക്ഷൻ 80–ന്റെ പരിരക്ഷയും ആനുകൂല്യങ്ങളും ജോലി സ്ഥിരതയും ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly